# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3029 07.11.2019 ൽ മറുപടിക്ക്**

**ആയാംപറമ്പ് സർക്കാർ എച്ച്.എസ്.എസ്. കെട്ടിടനിർമ്മാണം**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.റോജി എം. ജോൺ** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |

| | |
|---|---|
| (എ) ഹരിപ്പാട് മണ്ഡലത്തിലെ ആയാംപറമ്പ് സർക്കാർ എച്ച്.എസ്.എസിന്റെ കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെടുവാനുണ്ടായ കാരണം എന്താണെന്ന് അറിയിക്കാമോ; ഇതിന്റെ നിർവ്വഹണ തടസ്സം മാറ്റുന്നതിന് സ്വീകരിക്കുന്ന നടപടി എന്താണെന്ന് വെളിപ്പെടുത്താമോ; | (എ) 2016-17 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ജി.ഒ (ആർ.ടി) നം. 4357/2016/ജി/ഇ.ഡി.എൻ നമ്പർ ഉത്തരവ് പ്രകാരം ആയാംപറമ്പ് സ്കൂളിന് കെട്ടിടം നിർമ്മിക്കുന്നതിനായി 190 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു. ഇതിൻ പ്രകാരം മണ്ണ് പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ കോളം ഫൂട്ടിംഗ് രീതിയിലുള്ള ഫൗണ്ടേഷനാണ് ശുപാർശ ചെയ്തിരുന്നത്. അതനുസരിച്ച് രണ്ട് നിലകളിലായി കെട്ടിടം പണിയുന്നതിന് 186 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുകയും ഇതിന് തിരുവനന്തപുരം കെട്ടിട വിഭാഗം ദക്ഷിണമേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയർ സാങ്കേതികാനുമതി നൽകുകയും തുടർന്ന് പ്രവൃത്തി ടെണ്ടർ ചെയ്തത് 17.75% കുറഞ്ഞ നിരക്കിൽ കെ.മുഹമ്മദ് സക്കീർ, ഷഫീഖ് മൻസിൽ, ബിവിൻജ, തെക്കിൻഫെറി, കാസർകോഡ് എന്ന കരാറുകാരൻ 13/11/2018 തീയതി എഗ്രിമെന്റ് വെയ്ക്കുകയും 16/11/2018 ൽ സൈറ്റ് ഹാൻഡ് ഓവർ ചെയ്തിട്ടുള്ളതുമാണ്. എന്നാൽ പ്രവൃത്തി ആരംഭിച്ച ഘട്ടത്തിൽ ഇൻവെസ്റ്റിഗേഷൻ സമയത്ത് മണ്ണ് പരിശോധന നടത്തിയ സ്ഥലത്തു നിന്നും മാറി സ്കൂൾ അധികൃതർ നിർദ്ദേശിച്ച സ്ഥലത്ത് പ്രവൃത്തി ചെയ്യുവാനായി മണ്ണ് നീക്കിയപ്പോൾ താഴെ ചെളിയാണെന്ന് ബോധ്യപ്പെടുകയും മേലധികാരികളുടെ നിർദ്ദേശ പ്രകാരം, വീണ്ടും മണ്ണ് പരിശോധനയ്ക്കായി പണി നിർത്തിവെയ്ക്കുകയും ചെയ്തു. കുട്ടനാട്ടിലെ മണ്ണിന്റെ ഘടന വളരെ സങ്കീർണ്ണവും, ബഹുനില കെട്ടിടങ്ങൾക്കു തീരെ |

അനുയോജ്യമല്ലാത്തതിനാലും, ചെറിയ രീതിയിലുള്ള സൈറ്റ് മാറ്റങ്ങൾക്കുപോലും മണ്ണ് പരിശോധന ആവർത്തിച്ച ചെയ്യേണ്ടതായി വരുന്നുണ്ട്. തുടർന്നുള്ള മണ്ണ് പരിശോധനയിൽ 30 മീ. താഴ്ചയിലുള്ള പൈൽ ഫൗണ്ടേഷനാണ് ശുപാർശ ചെയ്തിരിക്കുന്നത്. ആയതിനാൽ പൈൽ ഫൗണ്ടേഷൻ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് പുതുക്കിയപ്പോൾ ആദ്യം അനുവദിച്ച തുക തികയാതെ വരികയും, 2018-19 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ (വാല്യം 2, ക്രമനമ്പർ 358) 200 ലക്ഷം രൂപ കൂടി സംയോജിപ്പിച്ച് ഈ കെട്ടിടം നിർമ്മിക്കുവാൻ ബഹുമാനപ്പെട്ട എം.എൽ.എ ശ്രീ.രമേഷ് ചെന്നിത്തല ശുപാർശ ചെയ്യുകയുമുണ്ടായി. എന്നാൽ പൈലിംഗ് നടത്തുമ്പോൾ തൊട്ടടുത്തു നിൽക്കുന്ന കെട്ടിടങ്ങൾക്ക് കേടുപാടുകൾ സംഭവിക്കുവാൻ സാദ്ധ്യതയുണ്ടെന്ന സ്കൂൾ അധികൃതരുടെ അഭിപ്രായം പരിഗണിച്ച് വീണ്ടും മണ്ണ് പരിശോധന നടത്തിയ ഏജൻസിയോട് പുതിയ ഫൗണ്ടേഷന് ഡിസൈൻ നൽകുവാൻ ചീഫ് എഞ്ചിനീയർ ഡിസൈൻ നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കൺസൾട്ടന്റിനോട് ചർച്ച ചെയ്ത പ്രകാരം പൈൽ ഫൗണ്ടേഷൻ മാത്രമേ പ്രസ്തുത സ്ഥലത്ത് ഉചിതമാകുകയുള്ളൂ എന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്. അതനുസരിച്ച് പുതുക്കിയ സ്ട്രക്ച്ചറൽ ഡ്രോയിംഗിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. ആയത് ലഭ്യമായാലുടൻ തന്നെ ഭരണാനുമതിക്ക് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പ്രവൃത്തിക്കായി 2019-20 ലെ ബജറ്റിൽ ഉൾപ്പെടുത്തി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ? | (ബി) | 2019-20 ബഡ്ജറ്റ് വാല്യം 1, പേജ് നമ്പർ 660, ഐറ്റം നമ്പർ 45 ൽ 4,29,000/- രൂപ അനുവദിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**